# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2473

18.6.2014 ലെ മറുപടിയ്ക്ക്

**അണക്കെട്ട് പ്രദേശത്തുള്ള പട്ടിക വർഗ്ഗക്കാർക്ക് മത്സ്യബന്ധനത്തിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ.വാഹീദ്<br>,, പി.സി. വിഷ്ണുനാഥ്<br>,, കെ. ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ് | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | അണക്കെട്ട് പ്രദേശത്തുള്ള പട്ടിക വർഗ്ഗക്കാർക്ക് ഉപജീവനത്തിനായി അണക്കെട്ടുകളിൽ നിന്നുള്ള മത്സ്യബന്ധനത്തിന് അനുമതി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) | അണക്കെട്ടുകളിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം മത്സ്യബന്ധന വകുപ്പിൽ ആണ് നിക്ഷിപ്തമായിരിക്കുന്നത്. പട്ടികജാതി/പട്ടിക വർഗ്ഗ ഫിഷറീസ് സഹകരണസംഘങ്ങൾ നിലവിലുള്ള, സ്ഥലങ്ങളിലെ അണക്കെട്ടുകളിൽ, മത്സ്യബന്ധനം നടത്തുവാൻ അത്തരം സംഘടനകൾക്കവകാശം ഇറിഗേഷൻ വകുപ്പ് നൽകുന്നുണ്ട്. പീച്ചി, വാഴാനി, കാഞ്ഞിരപ്പുഴ, വാളയാർ, മലമ്പുഴ, ചുള്ളിയാർ, മുതലമട, മീങ്കര എന്നീ അണക്കെട്ടുകളുടെ കീഴിൽ ഫിഷറീസ് സംഘങ്ങൾ നിലവിലുണ്ട് . |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | ബി) & സി) | മത്സ്യബന്ധനം ആശ്രയിച്ച് കഴിയുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ഉപജീവനം നടത്തുവാനും, സാമ്പത്തിക മുന്നേറ്റത്തിനുമായി സർക്കാർ ഫണ്ടിൽനിന്നോ സഹകരണ സംഘത്തിന്റെ വിറ്റുവരവിൽ നിന്നോ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അണക്കെട്ടുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതിയുണ്ട്. മത്സ്യതൊഴിലാളികളെ ഗ്രൂപ്പുകളായി തിരിച്ച് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുകയും സംഘം ആഫീസിൽ രാവിലെ സമയങ്ങളിൽ വിൽപന നടത്തുകയും ചെയ്യുന്നു. വിറ്റുവരവിന്റെ 75% വ്യക്തി/ഗ്രൂപ്പിന്റെ കൂലിയായും ബാക്കി 25% സംഘത്തിന്റെ ഓഹരിയായി ബാങ്കിൽ അടയ്ക്കുകയും ചെയ്യുന്നു. ഈ തുക മെമ്പർമാർക്ക് വഞ്ചി, വല എന്നീ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും സംഘത്തിന്റെ കെട്ടിടത്തിന്റെ |
| സി) | പട്ടികവർഗ്ഗക്കാർക്ക് അണക്കെട്ടുകളിൽ മത്സ്യം നിക്ഷേപിക്കുന്നതിനും മത്സ്യബന്ധനത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | | |

അറ്റകുറ്റപണികൾക്കും , ദൈനംദിന ചെലവുകൾക്കായും ഉപയോഗിക്കുന്നു.

മലമ്പുഴയിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി മത്സ്യകൃഷി ചെയ്യുകയും സ്വയം സഹായ സംഘങ്ങൾക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ആയത് പരിപാലിച്ചുകിട്ടുന്ന മത്സ്യത്തിന്റെ പകുതിവില (50%) ഈ സ്വയം സഹായസംഘങ്ങൾക്ക് കൊടുക്കുകയും ചെയ്യുന്നു. വാളയാർ ചുള്ളിയാർ, മീങ്കര ഡാമുകളിൽ ഫിഷറീസ് വകുപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യം വളരുന്ന മുറക്ക് മത്സ്യബന്ധനം നടത്തിവരുകയാണ് പതിവ്.

**ഡി)** പ്രസ്തുത പദ്ധതിനടപ്പാക്കാൻ ഏതൊക്കെ വകുപ്പുകളുമായിട്ടാണ് സഹകരിക്കുന്നത് ? വിശദാംശങ്ങൾ നൽകുമോ?

ഡി) ഫോറസ്റ്റ് , തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, പോലീസ് , ഇറിഗേഷൻ, ഫിഷറീസ് എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് സുസ്ഥിരമായി ഇത് നടപ്പാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ